## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1684** **21/1/2014** ൽ മറുപടിയ്ക്ക്

# തെങ്ങുകളുടെ കൂമ്പ് ചീയൽ രോഗം തടയുന്നതിന് നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. കെ.പി. മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് തെങ്ങുകൾക്ക് കൂമ്പ് ചീയൽ രോഗം വ്യാപകമാവുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഉണ്ട്. 2013 ജൂൺ മുതൽ ആഗസ്റ്റ് മാസം വരെ ഉണ്ടായ ശക്തമായ മഴ മൂലം കണ്ണൂർ,കോഴിക്കോട്, കാസർഗോഡ് ജില്ലകളിലെ തെങ്ങുകൾക്ക് വ്യാപകമായ കൂമ്പുചീയൽ രോഗം ബാധിക്കുകയുണ്ടായി. രോഗവ്യാപനം ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ കൃഷി ശാസ്ത്രജ്ഞർ ഉൾപ്പെടെയുള്ള വിദഗ്ദ്ധസംഘം (MDDT) പ്രസ്തുത ജില്ലകളിലെ രോഗബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും രോഗം പടരുന്നത് തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ശുപാർശ ചെയ്യുകയും പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ |

പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. അത് പ്രകാരം മൂന്ന് ജില്ലകളിലുമായി 4,34,347 തെങ്ങുകളിൽ മരുന്ന് പ്രയോഗിക്കുകയുണ്ടായി.

| | | | |
|---|---|---|---|
| കണ്ണൂർ | - | 2,17,251 | തെങ്ങ് |
| കോഴിക്കോട് | - | 1,64,460 | തെങ്ങ് |
| കാസർഗോഡ് | - | 52,636 | തെങ്ങ് |
| ആകെ | | 4,34,347 | |

ഒരു തെങ്ങിന് മരുന്നിന്റെ വിലയായി 10/- രൂപയും തെങ്ങിൽ കയറി മണ്ട വൃത്തിയാക്കി മരുന്ന് പ്രയോഗിക്കുന്ന തിനുള്ള ചെലവിനായി 50/- രൂപയും ചേർത്ത് 60/- രൂപ നിരക്കിൽ 260.6066 ലക്ഷം രൂപ കർഷകർക്ക് ചെലവായി. ഇതിൽ 30 ലക്ഷം രൂപ കേരഫെഡിൽ നിന്നും 20 ലക്ഷം രൂപ വിള ആരോഗ്യപരിപാലന പദ്ധതിയിൽ നിന്നും അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്.

(സി) കൂമ്പ് ചീയൽ മൂലം മുറിച്ചുമാറ്റേണ്ടി വന്ന തെങ്ങുകൾക്ക് മതിയായ നഷ്ടപരിഹാരം നൽകുന്ന വിഷയം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(സി) കൂമ്പ് ചീയൽ രോഗം മൂലം തെങ്ങുകൾ നശിച്ചുള്ള കർഷകർക്ക് നഷ്ട പരിഹാരം നൽകാൻ നിലവിൽ വ്യവസ്ഥയില്ല.

സെക്ഷൻ ഓഫീസർ